<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1858</u> <u>08-02-2023 - ൽ മറുപടിയ്ക്ക്</u>

<u>നിദ ഫാത്തിമയുടെ കുടുംബത്തിന് സർക്കാർ സഹായം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ സൈക്കിൾ പോളോ ജൂനിയർ ചാമ്പ്യൻഷിപ്പിനായി നാഗ്പൂരിൽ എത്തിയ കേരള ടീം അംഗം നിദ ഫാത്തിമ ദുരൂഹ സാഹചര്യത്തിൽ മരിച്ച സംഭവത്തിൽ കുടുംബാംഗങ്ങൾക്ക് നീതി ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | **നാഗ്പൂരിൽ വച്ച് നടന്ന ദേശീയ ജൂനിയർ സൈക്കിൾ പോളോ ചാംപ്യൻഷിപ്പിൽ കേരള ടീമിനെ പ്രതിനിധീകരിച്ച് പങ്കെടുത്ത കുമാരി നിദ ഫാത്തിമയുടെ അകാല മരണം ശ്രദ്ധയിൽപ്പെട്ടയുടൻ തന്നെ ബന്ധപ്പെട്ട അസ്സോസിയേഷൻ മുഖേന ടീമിനെ അനുഗമിച്ച ഭാരവാഹികളുമായി ബന്ധപ്പെട്ട്, കുട്ടിയുടെ ആശുപത്രി ചെലവിനും, മൃതദേഹം നാട്ടിലെത്തിക്കുന്നതിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി 3 ലക്ഷം രൂപ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അടിയന്തരമായി അനുവദിക്കുകയുണ്ടായി. കൂടാതെ കുട്ടിയുടെ മരണത്തിന്റെ നിജസ്ഥിതി അന്വേഷിക്കുന്നതിനായി കേന്ദ്ര കായികയുവജനകാര്യ വകുപ്പ് മന്ത്രി, മഹാരാഷ്ട്ര കായിക വകുപ്പ് മന്ത്രി എന്നിവർക്ക് സംസ്ഥാന കായിക വകുപ്പ് മന്ത്രി കത്ത് നൽകിയിട്ടുണ്ട്.** |
| (ബി) | കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേരള ടീമിനെ പ്രതിനിധീകരിക്കുവാൻ എത്തിച്ചേർന്ന നിദ ഫാത്തിമ ഉൾപ്പെടെയുള്ള കായികതാരങ്ങൾക്ക് താമസസൗകര്യവും ഭക്ഷണവും ഏർപ്പെടുത്തി നൽകുന്നതിൽ വീഴ്ച സംഭവിച്ചതിന്റെ കാരണം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ കുറ്റക്കാരായവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | **ദേശീയ മത്സരങ്ങൾ സംഘടിപ്പിക്കുന്നത് അതാത് കായിക ഇനങ്ങളുടെ ദേശീയ ഫെഡറേഷനുകളാണ്. പ്രസ്തുത ഫെഡറേഷനുകളാണ് കായിക താരങ്ങൾക്ക് താമസവും, ഭക്ഷണവും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നത്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് റ്റി.എ/ഡി.എ/ കിറ്റ് അലവൻസ് എന്നിവയാണ് അനുവദിക്കുന്നത്. സംഭവത്തിന്റെ നിജസ്ഥിതി അന്വേഷിച്ച് റിപ്പോർട്ട് നൽകുവാൻ കേരള സൈക്കിൾ പോളോ അസോസിയേഷന് സ്പോർട്സ് കൗൺസിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (സി) | നിദ ഫാത്തിമയുടെ കുടുംബത്തിന് സർക്കാർ സഹായം അനുവദിക്കുമോ; വിശദാംശം നൽകുമോ? | (സി) | **നിദ ഫാത്തിമയുടെ കുടുംബത്തിന് സർക്കാർ ധനസഹായം അനുവദിക്കുന്നതിനായി നടപടി സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ